# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 998 12.12.2012-ൽ മറുപടിയ്ക്ക്

## കോർപ്പസ് ഫണ്ട്, പൂൾഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ട്, പൂൾഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാം; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | പൂൾഡ് ഫണ്ട് ചെലവഴിക്കുന്നതിനെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 19.06.2009-ലെ സ.ഉ.(പി)44/2009/ പജപവവിവ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. കോർപ്പസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഏതൊക്കെ സ്കീമുകൾക്ക് ചെലവഴിക്കാമെന്നതിനെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി |

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. |
| (ബി) | ഈ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിനുണ്ടായിരുന്ന സംവിധാനം പിൻവലിച്ചു കൊണ്ട് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവയുടെ വിനിയോഗം ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് ഉത്തരവുകളൊന്നും നിലവിലില്ല. |
| (സി) | ഈ വർഷം പൂൾ ഫണ്ടിലും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീമിലും എന്ത് തുക വകകൊള്ളിച്ചിട്ടുണ്ട്; ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു; ഇത് എന്തെല്ലാം സ്കീമുകൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ? | (സി) | 2012-13 സാമ്പത്തിക വർഷം പൂൾഡ് ഫണ്ടിൽ 50 കോടി രൂപയും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീമിൽ 115 കോടി രൂപയും വകക്കൊള്ളിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്